ക്കുന്ന നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഇ.എം. അഗസ്തി</u> : ഇവിടെ സമഗ്രമായ ഒരു തൊഴിൽനയം ഗവൺമെന്റ് പ്രഖ്യാപിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിസഭയെ അറിയിക്കുകയുണ്ടായി. തൊഴിൽനയത്തിന് രൂപം നൽകുന്നഅവസരത്തിൽ നമ്മുടെ രാജ്യത്തിലെ തൊഴിൽ മേഖലയിൽ പ്രത്യേകമായ സാഹചര്യം നിലനിൽക്കുന്നു. നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും രാജ്യം ഉദാരവൽക്കരണത്തിന്റെ പുതിയ പാതയിൽ മുന്നേട്ടുപോകുകയാണ്. ഉദാരവൽക്കരണം തൊഴിൽമേഖലയിൽ തൊഴിൽസമരം ഉണ്ടാക്കുമെന്നും തൊഴിലവസരം നഷ്ടപ്പെടുമെന്നുമുള്ള ഭയാശങ്ക യൂണിയനുകളുടെ ഭാഗത്തും രാഷ്ട്രീയപാർട്ടികളുടെ ഭാഗത്തുമുണ്ട്. അതുപോലെ ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയുൾപ്പെടെയുള്ള കേരളത്തിലെ എല്ലാ പാർട്ടികളും തൊഴിലിലെ മൗലീകാവകാശമായി പ്രഖ്യാപിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. നിർണ്ണായകമായ ഈ കാലഘട്ടത്തിൽ തൊഴിൽമേഖലയിൽ സ്തംഭനം ഉണ്ടാകില്ല എന്ന് ഉറപ്പു വരുത്തുന്നതിനും തൊഴിലിനെ മൗലീകാവകാശമായി അംഗീകരിച്ചുകിട്ടുന്നതിനും വേണ്ടി പാർലമെന്റിൽ നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ? അതുപോലെതന്നെ കേരള ഗവൺമെന്റ് പ്രഖ്യാപിക്കുന്ന തൊഴിൽനയത്തിൽ തൊഴിൽ മൗലീകാവകാശമായി പ്രഖ്യാപിക്കാനുള്ള തീരുമാനം ഉണ്ടാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇത് സംസ്ഥാനഗവൺമെന്റിന് മാത്രം ചെയ്യാൻ പറ്റുന്ന കാര്യമല്ല.

<u>മി. സ്പീക്കർ</u> : തൊഴിൽനയം പ്രഖ്യാപിച്ചാൽ മാത്രം പോരാ തൊഴിൽ കൊടുക്കണം.

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : തൊഴിലാളികൾക്ക് ജോലിയെ സംബന്ധിച്ച് പരിരക്ഷ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് ശ്രമം നടത്തുന്നതാണ്.

4 (*180) വൈദ്യുതി ബോർഡിലെ ലാഭകേന്ദ്രങ്ങൾ

<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. ഇ.എം. അഗസ്തി</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. എഴുകോൺ നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ എത്ര ലാഭകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ലാഭകേന്ദ്രങ്ങൾ സ്ഥാപിച്ചതിന്റെ ഫലമായി ഭരണച്ചെലവിൽ വന്നിട്ടുള്ള വ്യതിയാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവ സ്ഥാപിച്ചതിനെത്തുടർന്ന് വൈദ്യുതി ചാർജിൽ എന്ത് വർദ്ധനവ് ഏർപ്പെടുത്തേണ്ടതായി വന്നു;

(ഡി) ലാഭകേന്ദ്രങ്ങൾ സ്ഥാപിച്ചതുമൂലം വൈദ്യുതി ബോർഡിനുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) ലാഭകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭനടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) ലാഭകേന്ദ്രങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ പൂർണ്ണമായിട്ടില്ല. പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ മാത്രമേ ഭരണച്ചെലവിൽ വരുന്ന വ്യതിയാനം എത്രയുണ്ട് എന്ന് വ്യക്തമാക്കുകയുള്ളൂ.

(സി) ലാഭകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതുമൂലം വൈദ്യുതിചാർജ് വർദ്ധനവും ഏർപ്പെടുത്തിയിട്ടില്ല.

(ഡി) നേട്ടങ്ങൾ വിലയിരുത്തിയിട്ടില്ല. ലാഭകേന്ദ്രങ്ങൾ പൂർണ്ണമായും നിലവിൽവന്ന് പ്രവർത്തനം ആരംഭിച്ചതിന് ശേഷമേ വിലയിരുത്തൽ സാദ്ധ്യമാകുകയുള്ളൂ.

ശ്രീ. കെ. ബാബു : വൈദ്യുതി ബോർഡ് 746 കോടി രൂപയുടെ കമ്മിയുണ്ടാക്കാൻ പോകുന്നുവെന്ന് ചില പ്രമുഖ പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. ഈ കമ്മി നികത്താൻ വീണ്ടും വൈദ്യുതി ചാർജ് വർദ്ധിപ്പിക്കേണ്ടി വരുമെന്ന് സൂചനകൾ ഉണ്ട്. ഈ കമ്മിയെക്കുറിച്ച് വന്നിട്ടുള്ള വാർത്തകളുടെ വസ്തുതയെന്താണ്; കമ്മിനികത്താൻ വൈദ്യുതിചാർജ് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. എസ്. ശർമ്മ : പത്രത്തിൽ ചില വാർത്തകൾ വന്നു. അതനുസരിച്ച് മറുപടി പറയാൻ എനിക്കാവില്ല. ഒരു സ്ഥാപനത്തിന്റെ കമ്മി കണക്കാക്കുന്നത് ആ സ്ഥാപനം വാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴുള്ള വരവും ചെലവും കണക്കാക്കിക്കൊണ്ടാണ്. വൈദ്യുതി ബോർഡിന്റെ വാർഷിക ബഡ്ജറ്റ് ഈ 2000-2001-ലേയ്ക്ക് ഉള്ളത് വരുന്ന ഫെബ്രുവരിയിലാണ് അവതരിപ്പിക്കുന്നത്. അത് വരുമ്പോൾ എത്രയാണെന്നുള്ളത് വ്യക്തമാകും.

ശ്രീ. കെ. ബാബു : വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുമെന്ന് അങ്ങ് പറഞ്ഞില്ല. കേന്ദ്ര വൈദ്യുതി പദ്ധതികളിൽ നിന്ന് നമ്മുടെ സംസ്ഥാനത്തിനുള്ള അൺഅലോക്കേറ്റഡ് വിഹിതം പൂർണ്ണമായും നിറുത്തിവച്ചതായി ഇന്നത്തെ പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. ഒരു രൂപ അറുപത് പൈസയ്ക്കുള്ള ഈ അൺഅലോക്കേറ്റഡ് കോട്ട എടുക്കാതെ നാലു രൂപ നിരക്കിലുള്ളതായ വൈദ്യുതി എടുക്കുന്നത് ഒരു വീഴ്ചയാണെന്നുള്ള ആക്ഷേപമുണ്ട്. നമുക്ക് ഈ അൺഅലോക്കേറ്റഡ് കോട്ട നഷ്ടപ്പെട്ടിട്ടുണ്ടോ? അതുപോലെ അലോക്കേറ്റഡ് കോട്ടയുടെ വിഹിതം കുറഞ്ഞു. ഇതിന്റെ വസ്തുതയെന്താണ്; ഈ കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടി സ്വീകരിക്കാൻ പോകുന്നു? അങ്ങ് ചില ഫാക്സ് സന്ദേശമൊക്കെ അയച്ചതായിട്ട് പത്രത്തിൽ വാർത്ത കണ്ടു. ഈ കാര്യത്തിൽ എന്താണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എസ്. ശർമ്മ : അൺ-അലോക്കേറ്റഡ് കോട്ട തീരുമാനിക്കുന്നത് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയാണ്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി എടുത്ത തീരുമാനം ഇന്നലെ ഗവൺമെന്റിന് ലഭിക്കുകയുണ്ടായി. സംസ്ഥാനത്തിന് അൺഅലോക്കേറ്റഡ് പവ്വർ നൽകുന്നില്ല എന്നുള്ള വിവരമാണ് ലഭിച്ചത്. അത് തികച്ചും പ്രതിഷേധാർഹമായ നടപടിയാണ്. ആ നടപടി പുന :പരിശോധിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോടും ഊർജ്ജ വകു

LIBRARY ARCHIVES Kerala Legislative Assembly

പ്പുമന്ത്രിയോടും ഫാക്സ് മുഖേന ഇന്നലെത്തന്നെ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. നാല്രൂപയ്ക്ക് വൈദ്യുതി വാങ്ങിച്ചത് അൺഅലോക്കേറ്റഡ് കോട്ട എടുക്കാത്തതിന്റെ ഫലമായിട്ടാണോ എന്ന ചോദ്യം അടിസ്ഥാനമില്ലാത്തതാണ്. കാരണം, അതും കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയാണ്. അതുകൊണ്ടല്ലേ ഇങ്ങനെ വന്നത്. അൺ-അലോക്കേറ്റഡ് പവ്വർ നൽകുന്നത് സംസ്ഥാനങ്ങൾക്കുള്ള അവകാശത്തിന്റെ ഭാഗമായിട്ടാണ്. മറ്റേത് കായംകുളം താപനിലയത്തിന്റെ ഇന്ധനച്ചെലവ് വർദ്ധിച്ചതിനെത്തുടർന്ന് വൈദ്യുതിയുടെ ഉല്പാദനച്ചെലവ് കണക്കാക്കി കൂടുതൽ തുക വേണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതാണ്. അത് കൊടുക്കാൻ കേരള ഗവൺമെന്റിന് കഴിയുകയില്ലെന്നുള്ള വിവരം എൻ.റ്റി.പി.സി.യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതേയവസരത്തിൽ എൻ.റ്റി.പി.സി.യും ഇലക്ട്രിസിറ്റി ബോർഡും തമ്മിൽ ചർച്ച നടത്തി ഒരു അഭിപ്രായ രൂപീകരണം ഉണ്ടാകുന്നതിനുള്ള ശ്രമവും തുടർന്നുവരികയാണ്. കായംകുളം താപനിലയത്തിലെ വൈദ്യുതിയുടെ വിലയും അൺ-അലോക്കേറ്റഡ് പവ്വർ അനുവദിക്കുന്നതിന്റെ മാനദണ്ഡവും തമ്മിൽ ഒരു ബന്ധവുമില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

5 (*181) കേരളോത്സവം

ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോൺ ഫെർണ്ണാണ്ടസ് :
ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സംസ്ഥാന തല കേരളോത്സവം ഏതു ജില്ലയിൽ വച്ച് എന്നു നടത്താനാണ് ഉദ്ദേശിക്കുന്നത്;

(ബി) കേരളോത്സവത്തെ കൂടുതൽ ആകർഷണീയവും മെച്ചപ്പെട്ടതുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനതല കേരളോത്സവത്തിന് എന്തു തുകയാണ് സംസ്ഥാന യുവജന ക്ഷേമ ബോർഡ് അനുവദിക്കുന്നത്;

(ഡി) കേരളോത്സവത്തിൽ എത്ര യുവതീ-യുവാക്കൾ സംസ്ഥാനത്തുടനീളം പങ്കെടുക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ഇതിനായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്;

(എഫ്) കേരളോത്സവത്തിന്റെ നടത്തിപ്പിൽ നിന്നും ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിട്ടുനിന്നിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തു നടപടി സർക്കാർതലത്തിൽ സ്വീകരിക്കാൻ കഴിയും എന്ന് പരിശോധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly